# ഞങ്ങളുടെ നേട്ടങ്ങൾ

അശമന്നൂർ പഞ്ചായത്തിലെ പതിച്ചയമെന്ന കൊച്ചു ഗ്രാമത്തിലെ 5-ാം വാർഡിൽ 20 വീട്ടമ്മമാർ വീടുംവീട്ടുജോലിയും മാത്രം നോക്കിയിരുന്നരാണ്. അക്കാലത്ത്ഗ്രാമസഭയെക്കുറിച്ചുംഅയൽക്കൂട്ട രൂപീകരണത്തേക്കുറിച്ചുംകേൾക്കാനിടയായി. 27.2.2000 ൽ വാർഡ് മെമ്പർ ചന്ദ്രമ്മ ജയന്റെ അദ്ധ്യക്ഷതയിൽ ഒരു സ്വയംസഹായസംഘംരൂപീകരിച്ചു. 20 അംഗങ്ങൾ ഉൾപ്പെട്ട ആ സംഘത്തിന് ഐശ്വര്യ എന്ന് നാമനിർദ്ദേശംചെയ്തു. സമാനചിന്താഗതിക്കാരായതാഴെപ്പറയുന്ന 20 വനിതകൾ സംഘത്തിലെഅംഗങ്ങൾ ആയിതിരഞ്ഞെടുക്കപ്പെട്ടു.

സംഘാംഗങ്ങൾ

1. വിലാസിനി സാഗരൻ
2. ശാന്ത ഗോപി
3. വത്സല സുഗതൻ
4. പ്രസന്ന പ്രകാശ്
5. സരോജിനി തമ്പാൻ
6. ബിനു പ്രസാദ്
7. ശാന്ത സുരേന്ദ്രൻ
8. കുമാരിഷാജു
9. വിജയമ്മഅപ്പുക്കുട്ടൻ
10. രമണി മനോഹരൻ
11. അരുണമുരളി
12. പ്രമീള ബാബു
13. ശോഭന രവി
14. സുമതി നാരായണൻ
15. ബിന്ദു സജീവൻ
16. വിജി പ്രവീൺ
17. രുഗ്മിണി കുമാരൻ
18. തങ്കമ്മ കൃഷ്ണൻ
19. ഓമന ശശിധരൻ
20. രമണി തങ്കപ്പൻ

സംഘത്തിന്റെ പ്രസിഡന്റായിസരോജിനി തമ്പാൻ, സെക്രട്ടറി പ്രമീള ബാബു, ഖജാൻജി ബിനു പ്രസാദ്എന്നിവരെ ഭാരവാഹികളായിതിരഞ്ഞെടുത്തു. എല്ലാആഴ്ചയുംഒരംഗത്തിൽ നിന്നും 10 രൂപ ത്രിഫ്റ്റായിസ്വീകരിക്കുകയും ഈ തുകഎല്ലാആഴ്ചയിലും ബാങ്കിൽഅക്കൗണ്ട്തുടങ്ങിഅതിൽ നിക്ഷേപിക്കുവാൻ തീരുമാനമെടുത്തു. . സ്നേഹത്തോടും പരസ്പര വിശ്വാസത്തോടുംസംഘത്തിന്റെ പ്രവർത്തനം 6 മാസമായപ്പോൾ പഞ്ചായത്ത് ഗ്രേഡിംഗ് നടത്തുകയുണ്ടായി. അതിൽ പാസ്സാവുകയും 5000/- രൂപ റിവോൾവിംഗ് ഫണ്ടായി പഞ്ചായത്തിൽ നിന്നും അനുവദിക്കുകയുംചെയ്തു. കൂവപ്പടി ബ്ലോക്കിൽ നിന്നും 4041 അക്കൗണ്ട് നമ്പറിൽ 10000/- രൂപയും എസ്.ബി.റ്റിഓടക്കാലി ശാഖയിൽ നിന്നുംകൃഷിലോണായി 15000/- രൂപയുംസംഘത്തിന്

ലഭിച്ചിട്ടുണ്ട്. ഈ തുകകൃഷിക്ക് ഉപയോഗിക്കുകയും എല്ലാവർഷവും അടച്ച് പുതുക്കി എടുക്കുകയും ചെയ്യുന്നു. സംഘം രൂപീകരിച്ചുടനെ തന്നെ സ്വയംതൊഴിലായിട്ട് പനമ്പു നെയ്ത്തു പഠിച്ച് പനമ്പ് നെയ്യാൻ തുടങ്ങി. ഈറ്റകിട്ടുന്ന മുറയ്ക്ക് പനമ്പ് നെയ്ത്വിറ്റിരുന്നു. ഞങ്ങളുടെസംഘത്തിലെ ഭൂരിഭാഗംഅംഗങ്ങളും പനമ്പ് നെയ്ത്ത് പഠിച്ചു. പനമ്പ് നെയ്ത്ത്കൂടാതെ ചമ്മന്തിപ്പൊടി, പപ്പടം, കൃഷി, കാറ്ററിംഗ്എന്നിവയും നല്ല രീതിയിൽ നടത്തി വരുന്നു.

ഓരോഅംഗത്തിന്റെയുംആവശ്യാനുസരണം സമ്പാദ്യത്തിൽ നിന്ന് ലോൺ നൽകുവാനും ലോൺ തിരിച്ചടയ്ക്കുമ്പോൾ ചെറിയതോതിൽ പലിശ നൽകുവാനും സംഘം ചർച്ച ചെയ്ത്തീരുമാനമെടുത്തു. ഈ പലിശതുകയിൽ 2% വാർഡുതലത്തിൽ വരുന്ന പിരിവിനും ജീവകാരുണ്യ പ്രവർത്തനത്തിനുമായി നീക്കിവച്ചിരുന്നു. ബാക്കിതുകകൊണ്ട്സംഘാംഗങ്ങളുടെകുട്ടികൾക്ക് എസ്.എസ്.എൽ.സി പരീക്ഷ യിൽഏറ്റവുംകൂടുതൽ മാർക്ക്വാങ്ങുന്ന കുട്ടിയ്ക്ക് പ്രോത്സാഹന സമ്മാന ങ്ങളുംസംഘാംഗങ്ങളുടെവീട്ടിൽ വരുന്ന കല്യാണം, മരണം, മറ്റുകാര്യങ്ങൾ, സംഘ ത്തിന്റെ അത്യാവശ്യയാത്രച്ചിലവ്എന്നിവയ്ക്ക് ഉപയോഗിക്കുന്നു. **സംഘം ആദ്യവർഷം 2.5 ഏക്കർ സ്ഥലംഇഞ്ചികൃഷിചെയ്തുഅംഗങ്ങൾക്ക്ലാഭവിഹിതമായി 450/- രൂപ ലഭി ക്കുകയുണ്ടായി. 2005 കാലഘട്ടത്തിൽ 2 ഏക്കർ സ്ഥലത്ത് കപ്പ കൃഷിയും ഇടവിളയായിട്ട്വെള്ളരിയും പയറുംമുതിരയുംകൃഷിചെയ്തു. തരിശായികിടന്ന 3 ഏക്കർ സ്ഥലം പാട്ടത്തിനെടുത്തു നെൽ കൃഷി നടത്തി. 12.6.2001 ൽ സംഘത്തിന്റെ രണ്ടാമത് ഗ്രേഡിംഗ് നടക്കുകയുംസംഘം പാസാവുകയുംചെയ്തു.** 2002 ൽ ബ്ലോക്കിൽ നിന്നുംകൃഷിചെയ്യുന്നതിനു വേണ്ടി 360000/- രൂപ സബ്സിഡിയോടുകൂടിസംഘത്തിന് ലഭിച്ചു.

ഇപ്പോൾ ഞങ്ങളുടെസംഘത്തിന്റെ നിക്ഷേപം ലക്ഷങ്ങൾ കവിഞ്ഞു. അതിന്റെസന്തോഷസൂചകമായിട്ട്, ടൂർപ്രോഗ്രാം നടത്തുകയും ലോൺ 30,000 രൂപ വരെആക്കുകയുംഓണഫണ്ട്, വിഷുകൈനീട്ടംഎന്നിവകൊടുക്കുവാനും തീരുമാനമെടുത്തു.

ഇപ്പോൾ ഞങ്ങളുടെഐശ്വര്യയ്ക്ക് 18 വയസ്സ്. സംഘത്തിലെഎല്ലാഅംഗങ്ങളുംസ്വയം പര്യാപ്തതയിലേക്ക്എത്തിക്കൊണ്ടിരിക്കുന്നു.

<u>ഞങ്ങളുടെ നേട്ടങ്ങൾ</u>

1. വനിതകളിൽ സമ്പാദ്യ ശീലം വളർത്തുവാൻ കഴിഞ്ഞു
2. കാർഷികമേഖലയിൽകൂടുതൽ കൂട്ടായ്മസൃഷ്ടിക്കുവാൻ സാധിച്ചു.
3. വനിതകളിൽ ഒരു കർഷകകൂട്ടായ്മ നിലനിർത്തുവാനും വിജ്ഞാനം കൈവരിക്കുവാനും സാധിച്ചു.